## 7. ഗവൺമെന്റ് പ്രമേയം (ചട്ടം 118)

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2005-ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരമാണ് ഗ്രാമീണ ജനതയ്ക്ക് തൊഴിലവകാശമാക്കാൻ കഴിഞ്ഞ "മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി" നടപ്പാക്കാൻ കഴിഞ്ഞത്.

ഭരണഘടനയുടെ 41-ാം അനുച്ഛേദ പ്രകാരം അവകാശാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിനുള്ള വ്യവസ്ഥ പാലിക്കുന്നതിനും ഗ്രാമീണ മേഖലയിലെ ദാരിദ്ര്യത്തിന് പരിഹാരമുണ്ടാക്കുന്നതിനുമാണ് ഇടതുപക്ഷത്തിന്റെ പിന്തുണയോടെ അധികാരത്തിലിരുന്ന ഒന്നാം യു.പി.എ. സർക്കാർ സുപ്രധാനമായ തൊഴിലുറപ്പ് നിയമം കൊണ്ടുവന്നത്.

നിശ്ചിത സമയത്തിനകം തൊഴിൽ നൽകിയില്ലെങ്കിലുള്ള തൊഴിലില്ലായ്മ വേതനം, വേതനം താമസിച്ചാലുള്ള നഷ്ടപരിഹാരം, തൊഴിൽ സ്ഥലത്ത് വച്ചുണ്ടാകുന്ന അപകടങ്ങൾക്കുള്ള ചികിത്സാ സഹായം,

ഓംബുഡ്സ്മാൻ ഉൾപ്പെടെയുള്ള പരാതി പരിഹാര സംവിധാനങ്ങൾ, സോഷ്യൽ ഓഡിറ്റ് തുടങ്ങി തൊഴിലാളികൾക്കുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ വ്യവസ്ഥകൾ തൊഴിലുറപ്പ് നിയമത്തിന്റെ സവിശേഷതയായിരുന്നു.

സംസ്ഥാനത്ത് 40.45 ലക്ഷം കുടുംബങ്ങളാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇതിൽ 19.43 ലക്ഷം കുടുംബങ്ങളിലായി 22.66 ലക്ഷം തൊഴിലാളികൾ സജീവമാണ്. ഈ കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനും അവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് നാം സ്വീകരിച്ചുവരുന്നത്. ഇത് വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുമുണ്ട്. 2024-2025-ലെ കണക്കുപ്രകാരം ദേശീയതലത്തിൽ 50.23 തൊഴിൽ ദിനങ്ങളാണ് ശരാശരി നൽകുന്നത്. സംസ്ഥാനത്ത് ഇത് 66.17 ആണ്.

കേന്ദ്ര പദ്ധതി നടപ്പാക്കുന്നതോടൊപ്പം അതിലുപരിയായി കൂടുതൽ ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനം നൽകുന്നുമുണ്ട്. 100 ദിവസത്തിനുപരിയായി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിൽ ഏർപ്പെടുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് അധികമായി നൂറുദിവസംകൂടി തൊഴിൽ അനുവദിക്കുന്നതിന് 'ട്രൈബൽ പ്ലസ്' പദ്ധതി കേരളത്തിൽ നടപ്പിലാക്കി.

ഇതിനാവശ്യമായ തുക ബജറ്റിൽ നീക്കിവച്ചു. 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് ഉത്സവബത്തയായി 1000/-രൂപ വീതം അനുവദിച്ചു. 2025-26 സാമ്പത്തിക വർഷം ഇത് 1200/-രൂപയായി ഉയർത്തി. കൂടാതെ രാജ്യത്ത് ആദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. നഗരപ്രദേശത്തെ തൊഴിലാളികൾക്കായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുകയും അവരെക്കൂടി ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.

തൊഴിലുറപ്പ് നിയമം നടപ്പാക്കുന്നതിന് കേന്ദ്ര വിഹിതം നൽകുന്നതിൽ കുടിശ്ശിക വരുത്തുന്നതുൾപ്പെടെ വിവിധ രീതിയിലുള്ള പ്രതിബന്ധങ്ങൾ കേന്ദ്ര സർക്കാർ സൃഷ്ടിച്ചിരിക്കെയാണ് നിലവിലുണ്ടായിരുന്ന നിയമംതന്നെ റദ്ദാക്കിയത്.

'വികസിത് ഭാരത് - ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ)' (VB-G RAM G) എന്ന പുതിയ നിയമം സംസ്ഥാനങ്ങൾക്ക് കടുത്ത സാമ്പത്തിക ബാധ്യത സൃഷ്ടിക്കും. നിലവിലുണ്ടായിരുന്ന നിയമത്തിന്റെ അന്തഃസത്തയായിരുന്ന

അവകാശാധിഷ്ഠിത സമീപനം പുതിയ നിയമത്തോടെ ഇല്ലാതായിരിക്കുകയാണ്.

കേന്ദ്ര സർക്കാർ ഒരു വിഹിതം (Normative Allocation) നിശ്ചയിക്കുകയും അതിന്റെ 40 ശതമാനം സംസ്ഥാനങ്ങൾ വഹിക്കുകയും ചെയ്യണമെന്നതാണ് പുതിയ വ്യവസ്ഥ. ഈ വിഹിതത്തിനുപരിയായ തൊഴിൽദിനങ്ങളുടെ പൂർണ്ണ ബാധ്യത സംസ്ഥാനങ്ങളുടേതായിരിക്കും. ഇതിലൂടെ കേരളത്തിന് 3,500 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. 100 ദിവസം എന്നത് 125 ദിവസമായി ഉയർത്തുന്നതുമൂലമുള്ള അധിക സാമ്പത്തിക ബാധ്യതയും സംസ്ഥാനങ്ങൾക്കായിരിക്കും.

ഗ്രാമപഞ്ചായത്തുകളെ എ, ബി, സി എന്നിങ്ങനെ തരംതിരിക്കണമെന്നും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന ഗ്രാമീണ മേഖലകളിൽ മാത്രമാകും 125 ദിവസത്തെ തൊഴിലുറപ്പ് ഉണ്ടാവുകയെന്നും പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തുകൾ വികസിതമാണ്. ആയതിനാൽ അത്തരം ഗ്രാമപഞ്ചായത്തുകൾ ഉയർന്ന കാറ്റഗറിയിൽ

ഉൾപ്പെടാനിടയാകുകയും അതിലൂടെ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെടുകയും ചെയ്യും.

പുതിയ നിയമപ്രകാരം തൊഴിലില്ലായ്മ വേതനം, കൃത്യസമയത്ത് കൂലി നൽകിയില്ലെങ്കിലുള്ള നഷ്ടപരിഹാരം എന്നിവ നൽകാനുള്ള ബാധ്യത സംസ്ഥാനങ്ങൾക്കാണ്. സംസ്ഥാനങ്ങളുടെ വിഹിതം നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിലനിർത്തുകയും അധിക ബാധ്യതയുടെ പൂർണ്ണ ഉത്തരവാദിത്വം സംസ്ഥാനങ്ങളുടെമേൽ കെട്ടിവയ്ക്കുകയുമാണ്.

സംസ്ഥാനങ്ങളെ ഗുരുതരമായി ബാധിക്കുന്നതും ജനവിരുദ്ധവും തൊഴിൽ അവകാശം നഷ്ടപ്പെടുത്തുന്നതുമായ പുതിയ നിയമത്തിനെതിരെ ശക്തമായ പ്രക്ഷോഭത്തിലാണ് കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾ.

ഈ സാഹചര്യത്തിൽ ദാരിദ്ര്യ ലഘൂകരണത്തെ പിന്നോട്ടടിപ്പിക്കുന്നതും തൊഴിൽ നൽകൽ ചുമതല സംസ്ഥാനങ്ങളുടെ ബാധ്യതയാക്കുന്നതുമായ പുതിയ നിയമം പിൻവലിച്ച് 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പുനഃസ്ഥാപിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.